(ബി) ഹോളോഗ്രാമോടുകൂടിയ ഫോമുകൾ മാത്രമാണ് സർട്ടിഫിക്കറ്റ് തയ്യാറാക്കാൻ ഉപയോഗിക്കുന്നത്. ഇതിൽ ന്യൂനതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഐ. ജെ. കെ. എൽ. പി. കൃ. ആർ. റ്റി. എന്നിവ തമ്മിൽ തിരിച്ചറിയാൻ ബുദ്ധുമുട്ടുള്ളതായി കണ്ടതിനാൽ ഈ അക്ഷരങ്ങളുടെ വിന്യാസ രീതി മാറ്റാൻ സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഡോ. ബി. ഇക്ബാൽ വൈസ്ചാൻസലർ ആയിരിക്കുമ്പോഴാണ് പരിഷ്ക്കാരം വരുത്തിയത്. വ്യത്യസ്ത ഒപ്പ് സംബന്ധിച്ച പരാതിയൊന്നും ലഭിച്ചിട്ടില്ല.

കോഴിക്കോട് സർവ്വകലാശാലയിലെ പരീക്ഷാഫീസും കേന്ദ്രീകൃത മൂല്യനിർണ്ണയവും

401 [2465] ശ്രീ. എൻ. ഡി. അപ്പച്ചൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. തമ്പാനൂർ രവി:

,, ഡി. സുഗതൻ:

,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷ സംബന്ധിച്ച് കോഴിക്കോട് സർവ്വകലാശാല ചെയ്യുന്ന എന്തെല്ലാം സേവനങ്ങൾക്കുവേണ്ടിയാണ് പരീക്ഷാ ഫീസ് വാങ്ങുന്നത്;

(ബി) ഇതിൽ പരീക്ഷയുടെ ഉത്തരക്കടലാസിന്റെ മൂല്യനിർണ്ണയം ഉൾപ്പെടുമോ;

(സി) കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന്റെ പേരിൽ പ്രത്യേകം ഫീസ് അടയ്ക്കണമെന്ന് കോഴിക്കോട് സർവ്വകലാശാല വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ഒരു ഉത്തരക്കടലാസിന് വരുന്ന ചെലവ് എത്രയാണ്;

(ഇ) കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന്റെ പേരിൽ ഉത്തരക്കടലാസ് ഒന്നിന് എത്ര രൂപ വീതം അടയ്ക്കണമെന്നാണ് സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരീക്ഷാ നടത്തിപ്പിനും മാർക്ക് ലിസ്റ്റിനും കേന്ദ്രീകൃത മൂല്യനിർണ്ണയത്തിനും.

(ബി) ഉൾപ്പെടും.

(സി) കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്ന പരീക്ഷകൾക്ക് സർവ്വകലാശാല കേന്ദ്രീകൃത മൂല്യനിർണ്ണയ ഫീസ് ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരു ഉത്തരക്കടലാസ് മൂല്യനിർണ്ണയത്തിന് ബിരുദ പരീക്ഷകൾക്ക് നാല് രൂപയും ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് അഞ്ചുരൂപയുമാണ് ചെലവ്. പുറമെ അദ്ധ്യാപകർക്ക് യാത്രാബത്തയും ദിനബത്തയും നൽകേണ്ടതാണ്.

(ഇ) ഒരു പേപ്പറിന് 20 രൂപ പ്രകാരം പരമാവധി 100 രൂപ അടയ്ക്കേണ്ടതാണ്.

സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി

402 [2466] ശ്രീ. ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ജോർജ് ജെ. മാത്യു:
,, തമ്പാനൂർ രവി:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ എക്സ് ഒഫിഷ്യോ അംഗങ്ങളും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളും ആരെന്ന് അറിയിക്കാമോ;

(ബി) ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ മേൽപ്പറഞ്ഞവർക്ക് വോട്ടവകാശമുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ഡി) കേരള പബ്ലിക് ലൈബ്രറീസ് ആക്ട് നിലവിൽ വന്നപ്പോൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കാലാവധി എത്ര വർഷമായിരുന്നു;

(ഇ) അത് അഞ്ച് വർഷമാക്കി വർദ്ധിപ്പിച്ചത് എന്നാണ്;

(എഫ്) താലൂക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിലുള്ള ലൈബ്രറി കൗൺസിലുകളിൽ ജില്ലാ കൗൺസിലിന്റെ പ്രവർത്തന മേഖലയും അധികാരവും എന്തെന്ന് അറിയിക്കാമോ;

(ജി) ലൈബ്രറി സെസ് ഇനത്തിലും സർക്കാർ ഗ്രാന്റിനത്തിലും ലൈബ്രറി കൗൺസിലിന് എന്തു തുക പ്രതിവർഷം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
2. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
3. ധനകാര്യ വകുപ്പ് സെക്രട്ടറി
4. സാംസ്ക്കാരിക വകുപ്പ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly